# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 മേയ് 4 | ദീപം 56 | നാളം 9 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# എ ഐ ക്യാമറ കൺതുറക്കുന്നതു സംശയനിഴലിൽ



സിൽജി ജെ. ടോം



ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ വിപ്ലവങ്ങൾക്ക് ഊർജമേകുന്ന നിർമിതബുദ്ധിയെന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ജനജീവിതത്തെ മാറ്റിമറിക്കുമെന്നു പ്രതീക്ഷിച്ചിരുന്നതാണെങ്കിലും ക്യാമറക്കണ്ണുകളിലൂടെ മിഴിതുറന്നുതുടങ്ങുമ്പോഴേ അത് നമ്മുടെ നാട്ടിൽ ഇത്ര വിവാദമാകുമെന്നു കരുതിയില്ല. ഗതാഗതനിയമലംഘനങ്ങളും വാഹനാപകടമരണങ്ങളും വർധിച്ചുവരുന്ന സാഹചര്യത്തിൽ അപകടങ്ങൾ കുറയ്ക്കാൻ മാർഗങ്ങൾ ആവിഷ്കരിക്കുന്നതു സ്വാഗതാർഹമാണ്. എഐ ക്യാമറകൾ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചതിനു പിന്നാലെ നിരത്തുകളിൽ നിയമലംഘനങ്ങൾ കാര്യമായി കുറഞ്ഞിട്ടുണ്ടെന്നാണ് മോട്ടോർ വാഹനവകുപ്പിന്റെ വിലയിരുത്തൽ. രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ടത്രേ. എഐ ക്യാമറവഴി കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കു വലിയ പിഴയാണ് ഈടാക്കുക. ഇതിൽനിന്നൊഴിവാകാൻ സാധിക്കുകയില്ല. പിഴത്തുക പേടിച്ച് ജനം റോഡുനിയമങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്നാണു മനസ്സിലാകുന്നത്.

അപകടങ്ങളും റോഡിലെ മരണങ്ങളും കുറയുന്നതു സ്വാഗതാർഹംതന്നെ. പക്ഷേ, അഴിമതിയും സാമ്പത്തികനഷ്ടവും കടന്നുവരാത്തവിധം സുതാര്യമായായിരിക്കണം ഏതൊരു പദ്ധതിയും സർക്കാർ നടപ്പാക്കേണ്ടത്. ഇല്ലെങ്കിൽ മുൻകാലങ്ങളിലേതുപോലെ വിവാദങ്ങൾ തുടർക്കഥയാവും. ഗതാഗതനിയമലംഘനം കണ്ടെത്തുന്നതിന് റോഡുകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് നിരീക്ഷണസംവിധാനം സ്ഥാപിക്കുന്നതിനുപിന്നിലെ സ്വകാര്യപങ്കാളിത്തം ഇതിനിടയിലും സംസ്ഥാനത്തു വൻവിവാദമായിരിക്കുകയാണ്. ഇതു സംബന്ധിച്ചു നടന്ന സാമ്പത്തിക ഇടപാടുകളിൽ പ്രതിപക്ഷം അഴിമതിയും ദുരൂഹതയും ആരോപിക്കുന്നു. പതിവുപോലെ പ്രതിപക്ഷത്തിന്റെ ആരോപണങ്ങൾക്കു വ്യക്തമായ മറുപടി നൽകുന്നില്ലെന്നത് എഐ വിവാദത്തിലും സർക്കാരിനെ സംശയനിഴലിൽ നിർത്തുന്നു.

ജനങ്ങൾക്കിടയിൽ കൃത്യമായ ബോധവത്കരണം നടത്തിവേണം ഇത്തരം പദ്ധതികൾ നടപ്പാക്കാനെന്നതും സർക്കാർ മറന്നു. 232 കോടി രൂപ ചെലവിട്ടു സ്ഥാപിച്ചിരിക്കുന്ന ഈ എഐ ക്യാമറകൾ എത്രത്തോളം നിർമിതബുദ്ധി ഉപയോഗിക്കുന്നുണ്ടെന്ന് ഇതുവരെ വ്യക്തമാക്കപ്പെട്ടിട്ടില്ല. രാത്രിയും പകലും വ്യക്തമായ ചിത്രമെടുക്കുന്ന ക്യാമറയെന്നതിൽക്കവിഞ്ഞ് ഇതിന്റെ നിർമിതബുദ്ധിസവിശേഷതകൾ കൂടുതലായെന്തെങ്കിലും വ്യക്തമല്ല. നിസ്സാരനിയമലംഘനങ്ങൾ പോലും കൃത്യമായി കണ്ടെത്തും, രാത്രിയിലും കൃത്യമായി പ്രവർത്തിക്കും, സീറ്റ് ബെൽറ്റ് ധരിക്കാതെയുള്ള ഡ്രൈവിങ്, വാഹനങ്ങളിൽ വരുത്തുന്ന മോഡിഫിക്കേഷൻ, അനധികൃത ഫിറ്റിങ്ങുകൾ, അശ്രദ്ധമായ ഡ്രൈവിങ് എന്നിവയെല്ലാം ദൂരത്തുനിന്നുപോലും കണ്ടെത്തുമെന്നുമൊക്കെയാണ് അവകാശവാദങ്ങൾ. എന്നാൽ, സർക്കാർ ഇക്കാര്യത്തിൽ പറയുന്നതു പലതും അതിശയോക്തിപരമായ കാര്യങ്ങളാണെന്നാണു പൊതുവെയുള്ള വിലയിരുത്തൽ.

ഇരുചക്രവാഹനത്തിൽ യാത്രചെയ്യുമ്പോൾ ഭാര്യയ്ക്കും ഭർത്താവിനുമൊപ്പം കുട്ടിയുമുണ്ടെങ്കിൽ പിഴ ഒടുക്കണമെന്ന നിയമം ജനങ്ങൾക്കിടയിൽ വലിയ എതിർപ്പുണ്ടാക്കിയിട്ടുണ്ട്. ഭരണപക്ഷത്തുതന്നെ ഈ നിയമങ്ങൾക്കെതിരേ എതിർപ്പുണ്ട്. ഇത് കടുത്ത ദ്രോഹമാണെന്നാണ് ഭരണകക്ഷി എംഎൽഎ ബി. ഗണേഷ്കുമാർ അഭിപ്രായപ്പെട്ടത്.

▶ 5

## കന്നടപ്പോര്
# ദേശീയരാഷ്ട്രീയത്തിന്റെ തലവര മാറ്റുമോ?

പ്രഫ. റോണി കെ. ബേബി





**2023** ൽ നിയമസഭാ തിരഞ്ഞെടുപ്പു നടക്കുന്ന സംസ്ഥാനങ്ങളിൽ കോൺഗ്രസ് ഏറ്റവും പ്രതീക്ഷ പുലർത്തുന്ന സംസ്ഥാനമാണു കർണാടക. ബിജെപിയിൽനിന്ന് അധികാരം തിരിച്ചുപിടിക്കാൻ സാധ്യമായ എല്ലാ തന്ത്രങ്ങളും പയറ്റുകയാണ് കോൺഗ്രസ്നേതൃത്വം. കർണ്ണാടകതിരഞ്ഞെടുപ്പു ഗോദയിൽ പോരാടാനുറച്ചുതന്നെയാണ് ഇത്തവണ കോൺഗ്രസ് രംഗത്തുള്ളത്. വിജയത്തിൽ കുറഞ്ഞൊന്നും കോൺഗ്രസ്ക്യാമ്പ് ചിന്തിക്കുന്നില്ല. പതിവുരീതികളെല്ലാം ഒഴിവാക്കി പുതുതന്ത്രങ്ങളാണ് കോൺഗ്രസ് ആവിഷ്കരിക്കുന്നത്. അഴിമതിയും ഭരണവിരുദ്ധവികാരവുമാണ് ബി.ജെ.പി. സർക്കാരിനെതിരായ കോൺഗ്രസിന്റെ തുറുപ്പുചീട്ട്. ബി.ജെ.പിക്കെതിരായ ജാതിസംഘടനകളുടെ നീക്കവും പ്രതീക്ഷയോടെയാണ് കോൺഗ്രസ് നേതൃത്വം കാണുന്നത്. കർണ്ണാടക പിടിച്ചാൽ അത് ദേശീയരാഷ്ട്രീയത്തിൽ കോൺഗ്രസിന്റെ തിരിച്ചുവരവിനുള്ള പ്രതീക്ഷയ്ക്കു കരുത്തുപകരുമെന്നാണ് നേതൃത്വം കരുതുന്നത്.

അതേസമയം, തിരഞ്ഞെടുപ്പുപ്രഖ്യാപനത്തിനു തൊട്ടുമുമ്പ് മുസ്ലീം ന്യൂനപക്ഷത്തിനു ലഭിച്ചിരുന്ന 4% സംവരണം റദ്ദാക്കിയ കർണാടകസർക്കാർ നടപടി വോട്ടാക്കി മാറ്റാനാണ് ബി.ജെ.പി. ശ്രമം. മതന്യൂനപക്ഷവോട്ടുകൾ കോൺഗ്രസിൽ കേന്ദ്രീകരിക്കുമ്പോൾ ഭൂരിപക്ഷസമുദായത്തിന്റെ വോട്ട് ഏകീകരണമാണ് ബി.ജെ.പി. ലക്ഷ്യമിടുന്നത്. ഇതിലൂടെ ഭരണവിരുദ്ധവികാരത്തെ മറികടക്കാമെന്ന് ബിജെപി കരുതുന്നു. ശക്തമായ ത്രികോണമത്സരം നടക്കുന്ന കർണ്ണാടകയിൽ ആർക്കും കേവലഭൂരിപക്ഷം ലഭിക്കാത്ത സാഹചര്യമുണ്ടാകുമെന്നും അത് തങ്ങൾക്കനുകൂലമാകുമെന്നുമാണ് ജെ.ഡി.എസ്. കരുതുന്നത്.

### കർണാടക - വൈവിധ്യങ്ങളുടെ ഭൂമിക

ഏഴു ഭാഷകൾ സംസാരിക്കുന്ന ഏറ്റവും വൈവിധ്യമാർന്ന സംസ്ഥാനങ്ങളിലൊന്നാണ് കർണാടക. കന്നഡകൂടാതെ തെലുങ്ക്, തമിഴ്, തുളു, മറാത്തി, കൊങ്കണി, ഹിന്ദി എന്നീ ഭാഷകളുമുണ്ട്.

▶ 12

70

Years of Printing

Experience the state-of-the-art printing at Pala's **First & Finest** printing press.

MULTI-COLOUR OFFSET PRINTING & CTP • DIGITAL LASER PRINTING • SCREEN PRINTING • POSTER DESIGNING • BINDING • LAMINATION

PALA, KOTTAYAM DT., KERALA - PIN 686575 +91 9496 613 275

**St. Thomas Press, Pala**

*Established:* 1953


---


OVERSEAS EDUCATION SERVICES

Study & Work

Canada
Australia
Germany
UK, Ireland
New Zealand
USA, Europe Etc.

Free Recruitment for Nurses

UK, Ireland, Germany



NAIPUNNYA INTERNATIONAL

ST. THOMAS PRESS BUILDING, PALA, PIN - 686 575

7012931465, 04822201546

pala@naipunnyaint.com

Head office

Ernakulam: 944 633 99 66
0484 2381947/ 8

Other Branches

Kaloor : 954 491 91 44
0484 2534849
Thrikkakara : 954 491 91 33
Angamaly : 954 491 91 55

NAIPUNNNYA ACADEMY

KALOOR, THRIKKAKARA

Civil Service, KAS, Bank Coaching
UGC- NET, Entrance Coaching
All other Competitive exams

Kaloor – 9544919144, 0484 2534849
Thrikkakara – 9544919133

# ഒരുമയിൽ ഉണരട്ടെ തൊഴിൽദിനങ്ങൾ



ഫാ. വർക്കി ചക്കാലയിൽ
സിഎംഐ

**ചി**തറിക്കിടക്കുന്ന സംഭവങ്ങളെയും വസ്തുക്കളെയും മനുഷ്യമനസ്സുകളെയും ഇഴചേർത്ത് മനോഹരസൃഷ്ടികളാക്കുകയാണ് സാഹിത്യത്തിന്റെ ആത്യന്തികലക്ഷ്യം (സഹിതോഭവഃസാഹിത്യം). ഏതൊരു തൊഴിലിന്റെയും ലക്ഷ്യം സഹിതോഭവഃ (കൂട്ടിക്കെട്ടുക)തന്നെയാണ്. ഓരോ തൊഴിലും ഒരു കലയാണ്. കല ആനന്ദദായകമാണ്. ആനന്ദം ഒരുമയിലാണ്.



വിഭജിച്ചുപോയ മനുഷ്യമനസ്സുകളെ ഒരുമിപ്പിക്കുന്നതിനുവേണ്ടി സ്വയം വിഭജിക്കപ്പെട്ട യേശുനാഥന്റെ ഉത്ഥാനാനുഭവലഹരിയാണ് സഭാസമൂഹം മുഴുവനും. ഉയിർപ്പനുഭവത്തിന്റെ നാലാമത്തെ ആഴ്ച ആരംഭിക്കുന്നത് മേയ്മാസപ്പുലരിയിലാണ്. മേയ്മാസദിനങ്ങൾ പൂവുകൾക്കു പുണ്യകാലവും രാവുകൾക്കു വേളിക്കാലവും എന്നാണ് കവി പാടുന്നത്. മലങ്ങളായ മേടവും ഇടവവും കൈകോർക്കുന്ന മേയ്മാസം വിവാഹാഘോഷങ്ങളുടെയും ഇതര ആഘോഷങ്ങളുടെയും വസന്തകാലമാണ്.

അന്നൊരു മേയ്മാസദിനത്തിലാണ്, ചൂഷണത്തിനു വിധേയരായി അസംഘടിതരായിരുന്ന മൂന്നുലക്ഷം തൊഴിലാളികൾ ചിക്കാഗോ നഗരത്തിൽ ഒരുമിച്ചുകൂടിയത്. കൃത്യമായി പ്പറഞ്ഞാൽ 1891 മേയ് ഒന്നാംതീയതി വെള്ളിയാഴ്ച. തൊഴിലിന്റെ മഹത്ത്വം ഉറക്കെപ്പാടി തൊഴിലാളികളുടെ അവകാശം നേടിയെടുക്കാൻ ഒരുമിച്ചുകൂടിയ ആ ജനലക്ഷങ്ങൾ ഐക്യത്തിന്റെ ശക്തി കണ്ടു. കൂട്ടായ്മയുടെ മാധുര്യം ആസ്വദിച്ചു. അന്നുമുതൽ മേയ് ഒന്ന് ലോകതൊഴിലാളിദിനമായി ആചരിച്ചുപോരുന്നു. തൊഴിലാളികളായി ഒരു കൂട്ടരെമാത്രം മാറ്റിനിർത്തുന്നത് ശരിയല്ല സർവരും തൊഴിലാളികളാണ്. മുതലാളിയെന്നും തൊഴിലാളിയെന്നും തൊഴിൽ ദാതാവെന്നും തൊഴിൽ സ്വീകർത്താവെന്നും പദപ്രയോഗങ്ങൾ ഉണ്ടെങ്കിലും തൊഴിൽദാനവും ഒരു തൊഴിലാണ്. അതുകൊണ്ട് മെയ് ഒന്ന് തൊഴിൽ ചെയ്യുന്ന എല്ലാവരുടേതുമാണ്.

പണിയെടുക്കുന്നവന്റെ മധ്യസ്ഥനും മാതൃകയും തിരുക്കുടുംബത്തിന്റെ നായകൻ വി. യൗസേപ്പാണ്. അവനൊരു മരപ്പണിക്കാരൻ ആശാരിയായിരുന്നു. തച്ചനും ശില്പിയും ആശാരിയുടെ സമാനപദങ്ങളാണ്. ചിതറിക്കിടക്കുന്ന വസ്തുക്കളെ കൂട്ടിയോജിപ്പിച്ച് മനോഹരരൂപങ്ങൾ ഉണ്ടാക്കുകയാണ് ഓരോ തച്ചനും ശില്പിയും ചെയ്യുന്നത്. യൗസേപ്പ് എന്ന തച്ചൻതൊഴിലാളി തന്റെ തൊഴിൽ ഭംഗിയായി ചെയ്ത് കുടുംബത്തെ പരിപാലിച്ചു. ഒരേ അർഥമുള്ള രണ്ടു പദങ്ങൾ കൂടിച്ചേർന്ന ശബ്ദമാണ് യൗസേപ്പിതാവ്. വളർത്തുന്നവൻ, പാലനം ചെയ്യുന്നവൻ എന്നർഥം. അതുകൊണ്ട് യൗസേപ്പിതാവ് ഡബിൾ പിതാവാണ്. യൗസേപ്പിതാവിന്റെ തൊഴിലാണ് ഏതു മേഖലയിലായാലും ഓരോ വ്യക്തിക്കും ചെയ്യാനുള്ളത്. അജഗണങ്ങൾക്കു നേരിട്ടു നേതൃത്വം കൊടുക്കുന്ന വൈദികരെ ഒരുമിച്ചുനിർത്തുകയാണ് ഒരു മെത്രാന്റെ തൊഴിൽ. മെത്രാന്മാരെ ഒരുമിച്ചുനിർത്തുകയാണ് ആർച്ചുബിഷപ്പിന്റെ തൊഴിൽ. ശരിതെറ്റുകൾ തിരിച്ചറിഞ്ഞ് ശരിയുടെ മേച്ചിൽപുറം തേടുകയാണ് അജഗണങ്ങളുടെ തൊഴിൽ. താങ്കളുടെ തൊഴിലിന്റെ മഹത്ത്വം മനസ്സിലാക്കാതെ, ധരിച്ചിരിക്കുന്ന വസ്ത്രം മടക്കിക്കുത്തി തെരുവിൽ മുദ്രാവാക്യം മുഴക്കുന്നവർ വിഭജനത്തിന്റെ വക്താക്കളാണ്. വിഭജനം പിശാചിന്റെ തൊഴിലാണ്. ഈ തൊഴിൽ ഏറ്റെടുക്കുന്നവരുടെ എണ്ണം അനുദിനം ഏറുകയാണ്. എല്ലാ രംഗത്തും യൗസേപ്പിന്റെ തൊഴിൽ കൂട്ടിയോജിപ്പിക്കുകയായിരുന്നു. മരവും മനസ്സും. മരംപോലുള്ള മനസ്സുകളെ മയപ്പെടുത്തി കൂട്ടിയോജിപ്പിക്കുന്നവനാണ് നല്ല തൊഴിലാളി. നമ്മുടെ രാഷ്ട്രീയ മതനേതാക്കന്മാർ നല്ല തൊഴിലാളികൾ ആകേണ്ടിയിരിക്കുന്നു.

മഹനീയതൊഴിലെന്നോ ഹീനതൊഴിലെന്നോ വകഭേദമില്ലെന്നും എല്ലാ തൊഴിലും മഹനീയമാണെന്നും തൊഴിലാളിദിനം വീണ്ടും ഓർമപ്പെടുത്തുന്നു. എല്ലാ തൊഴിലും രാഷ്ട്രനിർമിതിക്ക് അനിവാര്യമാണ്. ഉത്തമതൊഴിലെന്നും അധമതൊഴിലെന്നും തൊഴിലിനെ വ്യാഖ്യാനിച്ച് മനുഷ്യരെ പല തട്ടുകളായി തിരിച്ചിരുന്ന ഒരു അധമസംസ്കാരം പണ്ടിവിടെ ഉണ്ടായിരുന്നു. അതിന്റെ വാങ്ങലുകൾ രാജ്യത്തിന്റെ പലഭാഗത്തും ഇന്നുമുണ്ട്. അതിനു മതപരിവേഷം കൂടി കൊടുത്തപ്പോൾ വേർതിരിവ് രാക്ഷസീയഭാവമായി മാറിക്കൊണ്ടിരിക്കുന്നു. ഇതു മാറി ഈശ്വരഭാവം വിടരണം.

ഈശ്വരഭാവം സ്നേഹത്തിന്റെ ഭാവമാണ്. ഒരുമയുടെ ഭാവമാണ്. പിതാവേ, നമ്മൾ ഒന്നായിരിക്കുന്നതുപോലെ ഇവരും ഒന്നാകണമെന്നു പ്രാർത്ഥിച്ച ഈശോ ഐക്യത്തിന്റെ ബലിവസ്തുവായി. ഐഹിക ദൗത്യം പൂർത്തിയാക്കിയ ഈശോ തന്റെ തൊഴിൽ തുടരാൻ പത്രോസിനെ ഭരമേല്പിച്ചു (യോഹ. 21: 15-14). ഏറ്റെടുത്ത തൊഴിൽ പത്രോസ് ഭംഗിയായി പൂർത്തിയാക്കി. ദൗത്യനിർവഹണത്തിനിടയിൽ പത്രോസ് വീരമൃത്യു പ്രാപിച്ചു. ■

കവിത

പ്രഫ. തോമസ് കണയംപ്ലാവൻ

## വിശ്വപൗരൻ



വിശ്വംപോലെ വിശാലമായൊരു
വിശ്വമാനവമാനസം
സ്വന്തമാക്കാൻ കഴിയുകിലെന്തു
ബന്ധുരം മർത്ത്യജീവിതം!
ചിന്മയന്റെ മനസ്സുപോലതു
നന്മതൻ പുണ്യസാഗരം!
സ്നേഹമെന്ന മഹസ്സിലാറാടും
മോഹനോൽഫുല്ലസൗഭഗം!
(ഭൂമിയെ സ്വർഗതുല്യമാക്കുന്നു
പ്രേമഭാവനാസൗരഭം)
സത്യസൂര്യന്റെ രശ്മികൾകൊണ്ടു
നിത്യഭാസുരം മാനസം
ക്ഷുദ്രമാം വർണവർഗചിന്തക-
ളെത്തിനോക്കാത്ത മണ്ഡലം.
ഇല്ലസൂയ, വെറുപ്പു,മല്പവു-
മില്ല മത്സരചിന്തയും!
ഭോഗലാലസ കീഴടക്കാത്ത
ലോകമാണതു സുന്ദരം.
ദൃശ്യലോകത്തിലില്ല മറ്റൊരാൾ
വിശ്വപൗരനു തുല്യമായ്.
തന്മയീഭാവശക്തിയാലവ-
നന്യരെ സ്വന്തമാക്കിടും.
ഇല്ലവന്നു വിശാലലോകത്തി-
ലില്ലതിർത്തിവരമ്പുകൾ!
ഉത്തമം രാജ്യസ്നേഹമെങ്കിലും
മർത്ത്യലോകത്തെയാകവേ
ഏകമായ്ത്തന്നെ കാണുവാനതു
പാകമാക്കണം നമ്മളെ.
അന്യഥാ നമ്മൾ നമ്മളിൽത്തന്നെ
ബന്ദികൾ പരതന്ത്രരും
അത്തരം മൃതപ്രായമായൊരു
ചിത്തവേദികൾതോറുമേ,
കത്തിനിൽക്കും വെറുപ്പിൽനിന്നെത്തും
യുദ്ധവും ഹിംസയൊക്കെയും.
അഗ്നിശൈലം പിളർന്നപോലതു
ഭസ്മമാക്കിടും ഭൂമിയെ
ലോകമാകെപ്പരക്കെയാണിന്നു
ഭീകരത്വം ഭയാനകം!
അശ്വമേധം നടത്തിടുന്നൊരു
ചക്രവർത്തിയെപ്പോലവേ
വിശ്വമാകവേ കീഴടക്കുന്ന
വിശ്വപൗരനു വന്ദനം!

## വഴിയാധാരം

നുറുങ്ങുകഥ

ഉണ്ണി വാരിയത്ത്

അയാൾ ഒട്ടേറെ പാപകർമങ്ങൾ ചെയ്തു പണം സമ്പാദിച്ചു. ക്രമേണ, അയാളുടെ സമ്പാദ്യമെല്ലാം ഭാര്യയും മക്കളും സ്വന്തമാക്കി.

തന്റെ പാപങ്ങൾ പങ്കിട്ടെടുക്കാൻമാത്രം ആരുമില്ലെന്ന അറിവ് അയാളെ അസ്വസ്ഥനാക്കി. വഴിയാധാരമായ അയാൾ പിച്ചും പേയും പറഞ്ഞ് അലഞ്ഞുനടന്നു.

കൊള്ളക്കാരനായിരുന്ന രത്നാകരൻ വാല്മീകിയായി എന്നു പുരാണം. എല്ലാ കൊള്ളക്കാരും വാല്മീകിയാവില്ലല്ലോ!

നിയമവീഥി

# കുട്ടികൾ ബലിയാടുകളാകുംമുമ്പേ



അഡ്വ. സി. ലിനറ്റ് SKD

*ലൈംഗികാതിക്രമങ്ങളിൽ നിന്ന് കുട്ടികൾക്കുള്ള സംരക്ഷണനിയമം, 2012 സംബന്ധിച്ച സംശയങ്ങൾക്കുള്ള മറുപടി.*

**ആരാണ് കുട്ടി? ആർക്കാണ് ഈ നിയമത്തിന്റെ സംരക്ഷണം ലഭിക്കുന്നത്?**

18 വയസ്സിൽ താഴെയുള്ള ഏതൊരു വ്യക്തിയെയും കുട്ടിയായി കണക്കാക്കാം. ഇവിടെ വ്യക്തി എന്ന പദം സൂചിപ്പിക്കുന്നത് ലിംഗഭേദമില്ലാതെ ഏതു കുട്ടിക്കും ഈ നിയമത്തിന്റെ പരിരക്ഷ ലഭിക്കും എന്നാണ്.

ലൈംഗികാതിക്രമങ്ങൾ തടയാൻ ഇന്ത്യൻ ശിക്ഷാനിയമം, ഗാർഹികപീഡനത്തിൽനിന്നു സ്ത്രീകൾക്കുള്ള സംരക്ഷണനിയമം, ബാലനീതിനിയമം, ഇൻഫർമേഷൻ ടെക്നോളജിനിയമം, കേരള പൊലീസ്നിയമം തുടങ്ങിയ നിയമങ്ങൾ നിലവിലിരിക്കേ,

**എന്താണ് ലൈംഗികാതിക്രമങ്ങളിൽനിന്ന് കുട്ടികൾക്കുള്ള സംരക്ഷണനിയമം, 2012 ന്റെ ഉദ്ദേശ്യങ്ങൾ?**

1. കുട്ടികൾക്കെതിരേയുള്ള ലൈംഗികാതിക്രമം, ലൈംഗിക പീഡനം, കുട്ടികളെ ഉപയോഗിച്ചുള്ള അശ്ലീല ചിത്ര/ പുസ്തക/ സാമഗ്രിനിർമാണം എന്നീ കുറ്റകൃത്യങ്ങളിൽനിന്നു കുട്ടികളെ സംരക്ഷിക്കുക.

2. അത്തരം കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കായി പ്രത്യേക കോടതികൾ സ്ഥാപിക്കുക.

3. ബാലസൗഹൃദമായ നടപടികൾ ഉറപ്പുവരുത്തുക.

**എന്തിനാണ് ഈ പുതിയ നിയമം?**

ഇന്ത്യൻ ശിക്ഷാനിയമം, ബാലനീതിനിയമം, ഗാർഹികപീഡനത്തിൽനിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണനിയമം, ഇൻഫർമേഷൻ ടെക്നോളജിനിയമം, കേരള പൊലീസ്നിയമം തുടങ്ങിയ നിയമങ്ങൾ ഉണ്ടെങ്കിലും കുട്ടികൾക്കെതിരേയുള്ള പല കുറ്റകൃത്യങ്ങളും കൈകാര്യം ചെയ്യുന്നതിന് ഈ നിയമങ്ങൾ അപര്യാപ്തമാണ്.

പെൺകുട്ടികളെപ്പോലെ തന്നെ ആൺകുട്ടികളും ലൈംഗികാതിക്രമങ്ങൾക്കു വിധേയരാകുന്നുവെന്നാണ് പല പഠനങ്ങളും സൂചിപ്പിക്കുന്നത് എന്നാൽ, ഇവ ചെറുക്കാനുള്ള പ്രാപ്തി മേൽപ്പറഞ്ഞ നിയമവ്യവസ്ഥകൾക്കില്ല.

**ലൈംഗികാതിക്രമം എന്നാൽ എന്ത്?**

ഒരാൾ ലൈംഗികോദ്ദേശ്യത്തോടെ ഒരു കുട്ടിയുടെ യോനിയിലോ ലിംഗത്തിലോ മലദ്വാരത്തിലോ മാറിലോ തൊടുന്നതോ തന്നെയോ മറ്റാരെയെങ്കിലുമോ ഇത്തരത്തിൽ കുട്ടിയെക്കൊണ്ടു സ്പർശിപ്പിക്കുന്നതോ ലൈംഗികാതിക്രമമായി കരുതപ്പെടുന്നു. അതായത്, പ്രവേശിതമല്ലാത്തതും എന്നാൽ, സ്വകാര്യഭാഗങ്ങളിൽ തൊടുന്നതോ തൊടുവിപ്പിക്കുന്നതോ ആയ എല്ലാ പ്രവൃത്തിയും ഇതിന്റെ പരിധിയിൽ വരും.



ലൈംഗികോദ്ദേശ്യത്തോടെ ഒരാൾ,

1. കുട്ടി കേൾക്കണമെന്ന ഉദ്ദേശ്യത്തോടെ എന്തെങ്കിലും ശബ്ദം പുറപ്പെടുവിക്കുകയോ,

2. കുട്ടി കാണണമെന്ന ഉദ്ദേശ്യത്തോടെ ശരീരഭാഗമോ എന്തെങ്കിലും വസ്തുക്കളോ കാണിക്കുകയോ,

3. കുട്ടിയുടെ ശരീരഭാഗം അയാൾക്കോ മറ്റുള്ളവർക്കോ കാണാനായി പ്രദർശിപ്പിക്കുകയോ

4. അശ്ലീലകാര്യത്തിനായി ഏതെങ്കിലും സാധനം കുട്ടിയെ ഏതെങ്കിലും രൂപത്തിലോ മാധ്യമത്തിലൂടെയോ കാണിക്കുകയോ (ഉദാ. നീലച്ചിത്രങ്ങൾ കാണിക്കുക),

5. കുട്ടിയെ നേരിട്ടോ ഇലക്ട്രോണിക്കലോ ഡിജിറ്റലോ ആയ മാർഗത്തിലൂടെയോ നിരന്തരമായി പിന്തുടരുകയോ നിരീക്ഷിക്കുകയോ ബന്ധപ്പെടുകയോ ചെയ്താലോ (ഉദാ. പുറകെ നടക്കുക, നിരന്തരം മെസേജ് അയയ്ക്കുക മുതലായവ),

6. കുട്ടിയുടെ ശരീരഭാഗമോ ലൈംഗികപ്രവൃത്തിയോ യഥാർഥമോ വ്യാജമോ ആയി ഏതെങ്കിലും മാധ്യമങ്ങളിലൂടെ കാണിക്കുമെന്നു ഭീഷണിപ്പെടുത്തുകയോ (മോർഫിങ് നടത്തുമെന്നോ ഫേസ്ബുക്ക്പോലുള്ള സോഷ്യൽ മീഡിയകളിൽ ഇടുമെന്നോ മറ്റും),

7. അശ്ലീലകാര്യങ്ങൾക്കായി കുട്ടിയെ വശീകരിക്കുകയോ പാരിതോഷികം നൽകുകയോ ചെയ്താൽ അത് ലൈംഗികപീഡനം ആയിരിക്കും.

**മറ്റ് എന്തെല്ലാം ലൈംഗികകുറ്റങ്ങളാണ് നിയമത്തിൽ ശിക്ഷാർഹമായിരിക്കുന്നത്?**

- ഒരു കുട്ടിയുടെ ലൈംഗികാവയവത്തിന്റെ പ്രദർശനം
- യഥാർഥമോ കൃത്രിമമോ ആയ പ്രവേശിതലൈംഗികാതിക്രമം ഉള്ളതോ ഇല്ലാത്തതോ ആയ ലൈംഗികകൃത്യങ്ങളിൽ ഏർപ്പെടാൻ ഒരു കുട്ടിയെ ഉപയോഗിക്കുന്നത്.
- ആഭാസകരമായ രീതിയിലോ അശ്ലീലമായോ കുട്ടിയെ പ്രദർശിപ്പിക്കുന്നത്.

ഒരു കുട്ടിയെ ഉപയോഗിക്കുക എന്നാൽ ഏതെങ്കിലും മാധ്യമത്തിലൂടെ അതായത്, അച്ചടിയോ ഇലക്ട്രോണിക് സംവിധാനമോ കമ്പ്യൂട്ടറോ ഏതെങ്കിലും സാങ്കേതികവിദ്യയോ ഉപയോഗിച്ച് അശ്ലീലസാമഗ്രികൾ തയ്യാറാക്കുകയോ നിർമിക്കുകയോ നൽകുകയോ അയയ്ക്കുകയോ ചെയ്യുന്നതിന് ഒരു കുട്ടിയെ ഉൾപ്പെടുത്തുന്നതടക്കമുള്ള കാര്യങ്ങൾ ഉൾക്കൊള്ളുന്നു.

**കുട്ടികൾക്കെതിരായ ലൈംഗിക കുറ്റകൃത്യങ്ങൾ ഏതെല്ലാമാണ്?**

- പ്രവേശിതലൈംഗികാതിക്രമം
- ഗൗരവതര പ്രവേശിത ലൈംഗികാതിക്രമം
- ലൈംഗികാതിക്രമം

ലൈംഗികപീഡനം, അശ്ലീല ചിത്രങ്ങളോ വീഡിയോയോ പുസ്തകങ്ങളോവഴി അശ്ലീലകാര്യങ്ങൾക്ക് കുട്ടിയെ ഉപയോഗിക്കുന്നത്.

(ഇത്തരം കൃത്യങ്ങൾ കുട്ടിയെ ചെയ്യുന്നതുമാത്രമല്ല കുട്ടിയെക്കൊണ്ട് അയാളെയോ മറ്റാരെയെങ്കിലുമോ ചെയ്യിക്കുന്നതും ശിക്ഷാർഹമാണ്.)

- കുട്ടി ഉൾപ്പെടുന്ന നീലച്ചിത്രംപോലുള്ള അശ്ലീലവസ്തുക്കൾ സൂക്ഷിക്കുന്നത്.

*(തുടരും)*

# ബൈബിൾകൈയെഴുത്തുമായി അരുവിത്തുറവിദ്യാർഥികൾ



അരുവിത്തുറ: 17 കിലോഗ്രാം. ഭാരവും 30 സെ.മീ. വീതിയും 45 സെ.മീ. നീളവും 19 സെ. മീ. പൊക്കവുമുള്ള സമ്പൂർണ ബൈബിളിന്റെ കൈയെഴുത്തുപതിപ്പ് തയ്യാറാക്കി അദ്ഭുതം രചിക്കുകയാണ് അരുവിത്തുറ സൺഡേ സ്കൂളും മിഷൻലീഗും. വിശ്വാസോത്സവത്തോടനുബന്ധിച്ച് മൂന്നു ദിവസംകൊണ്ടാണ് കൈയെഴുത്തുപ്രതി തയ്യാറാക്കിയത്. സൺഡേ സ്കൂളിലെ ഓരോ ക്ലാസിലെയും കുട്ടികൾക്ക് ക്ലാസ് ടീച്ചർ നിശ്ചിത ബൈബിൾഭാഗം എഴുതാനായി നൽകി. കുട്ടികൾക്കു നൽകിയ നിശ്ചിത പേപ്പറിലാണ് അവർ എഴുതിയത്. അരുവിത്തുറ പള്ളിവികാരി ഫാ. ഡോ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ, ഫാ. ആന്റണി തോണക്കര, ഫാ. ഡിറ്റോ തോട്ടത്തിൽ, ഫാ. ജോസഫ് മൂക്കൻതോട്ടത്തിൽ എന്നിവർ നൽകിയ പിന്തുണയും പ്രോത്സാഹനവും ഈ ഉദ്യമത്തിനു കരുത്തേകി. അരുവിത്തുറ തിരുനാളിനോടനുബന്ധിച്ച് ഏപ്രിൽ 22-ാം തീയതി നടന്ന നഗരപ്രദക്ഷിണത്തിൽ സമ്പൂർണ്ണ ബൈബിൾ കൈയെഴുത്തുപതിപ്പ് കുട്ടികൾ സംവഹിച്ചു. ബൈബിൾ കൈയെഴുത്തു പതിപ്പ് തയ്യാറാക്കുന്നതിൽ എല്ലാ സൺഡേ സ്കൂൾ അധ്യാപകരുടെയും പിന്തുണയും സഹകരണവും ലഭിച്ചുവെന്ന് സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ ജോബിൻ തട്ടാംപറമ്പിലും ഷാജു കുന്നയ്ക്കാട്ടും സെക്രട്ടറി സിസ്റ്റർ റീന എസ്.എ.ബി.എസ്.ഉം അറിയിച്ചു.

ശ്രേഷ്ഠമലയാളം

# മകയിരം

ഡേവിസ് സേവ്യർ



സംസ്കൃതത്തിൽനിന്നു മലയാളം കടംകൊണ്ട ഒരു പദമാണ് മകയിരം. നക്ഷത്രങ്ങളിൽ അഞ്ചാമത്തേത്. സംസ്കൃതത്തിലെ മൃഗശിരസ് എന്ന ശബ്ദത്തിന്റെ മലയാളരൂപമാണ് മകയിരം. മൃഗശിരസിന് മാനിന്റെ തലപോലെയുള്ളത് എന്നാണ് ധാത്വർഥം. മൃഗം എന്നുമാത്രമായാലും മലയാളത്തിന്റെ പര്യായമാകും. മൃഗശിരസ് എന്ന ശബ്ദത്തിന്റെ നേരിട്ടുള്ള തദ്ഭവമല്ല മകയിരം. സംസ്കൃതത്തിൽനിന്ന് പ്രാകൃതം (സംസ്കൃതം ദുഷിച്ചുണ്ടായ ഭാഷ) വഴിയാണ് മകയിരം മലയാളത്തിലെത്തിയത്. (സംസ്കൃതത്തിന്റെയും മലയാളത്തിന്റെയും ഇടക്കണ്ണിയാണല്ലോ പ്രാകൃതം).

സംസ്കൃതത്തിലെ മൃഗശിരസിനു തുല്യമായ പ്രാകൃത പദം മഗസിരയാണ്. ഈ മഗസിരയിൽനിന്നത്രേ മലയാളത്തിലെ മകയിരത്തിന്റെ നിഷ്പത്തി. മൃഗശിരസ്, മകയിരമായപ്പോൾ സംഭവിച്ച വർണപരിണാമങ്ങളെ ഇങ്ങനെ സംക്ഷേപിക്കാം. "ഒന്ന്: മൃ എന്ന സംയുക്തവ്യഞ്ജനത്തിലെ രേഫത്തിന്റെ തിരോഭാവം (മൃ-മ) രണ്ട്: ഗകാരത്തിന് എഴുത്തിൽ ശ്വാസത്വാപത്തി(ഗ-ക)മൂന്ന്; സകാരത്തിന്റെ യകാരമായുള്ള പരിണാമം. (സ-യ) നാല്: അം എന്ന പൂരകപ്രത്യയത്തിന്റെ ആവിർഭാവം (ര-രം).* ഈ മാറ്റങ്ങളെ ഇങ്ങനെ രേഖപ്പെടുത്താം. മൃഗശിരസ് → മഗസിര → മഗയിര → മകയിര → മകയിരം.

കൂട്ടക്ഷരങ്ങളിലെ രേഫം പ്രാകൃതത്തിൽ നഷ്ടപ്പെടാറുണ്ട്. അങ്ങനെയാണ് മൃ - മ ആകുന്നത്. സകാരത്തിന്റെ യകാരപരിണാമവും ഭാഷയിൽ സ്വാഭാവികമാണ്. നാദിയായ ഗകാരത്തിന്റെ ശ്വാസീസ്പർശമാണല്ലോ ക. ഖരമൃദുവിനിമയത്തിന് എതിരായ പ്രവണതയാണിത്. ഖരമൃദുവിനിമയം ഉച്ചാരണത്തിലും ശ്വാസത്വാപത്തി എഴുത്തിലും സംഭവിക്കുന്നു എന്നതത്രേ അവ തമ്മിലുള്ള ഭേദം. പാദാന്ത്യത്തിലെ അം - നെ മലയാളത്തിന്റെ സംഭാവനമായി കരുതാം. ചുരുക്കത്തിൽ, മൃഗശിരസ് എന്ന സംസ്കൃതപദം പ്രാകൃതത്തിൽ എത്തിയപ്പോൾ മഗശിര എന്നും അവിടെനിന്ന് വീണ്ടും പരിണമിച്ചപ്പോൾ അത് മകയിര എന്നുമായി. അതോടെ പ്രാകൃതത്തിന്റെ രൂപവ്യതിയാനങ്ങളിൽ ഒന്നായി മകയിരത്തെ കരുതാമെന്നു വന്നു.

1. ലത, വി. നായർ, സമ്പാദനം, എൻ.ആർ. ഗോപിനാഥപിള്ളയുടെ കൃതികൾ, വാല്യം ഒന്ന്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019, പുറം -335.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



മകനേ, രോഗം വരുമ്പോൾ ഉദാസീനനാകാതെ കർത്താവിനോടു പ്രാർഥിക്കുക. അവിടുന്ന് നിന്നെ സുഖപ്പെടുത്തും.

പ്രഭാഷകൻ 38:9

**എഡിറ്റോറിയൽ**

# നഗരവികസനം നാടുവികസനമാകുമോ?

പ്രധാനമന്ത്രിയുടെ രണ്ടു ദിവസത്തെ കേരളസന്ദർശനം കേരളജനതയുടെ മനസ്സിൽ ഉണർവു പകർന്നുവെന്ന് ഒറ്റവാക്കിൽ പറയുന്നതിൽ തെറ്റില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സമർപ്പണമനസ്സോടെ ഒരുമിച്ചുനിന്നാൽ കേരളത്തിന്റെ വികസനം സഹകരണഫെഡറലിസത്തിന്റെ ഉരകല്ലായി മാറുമെന്നുതന്നെയാണ് പ്രധാനമന്ത്രിയും മുഖ്യമന്ത്രിയും തുറന്നുപറഞ്ഞത്. കേന്ദ്രപദ്ധതികൾ ഉയർത്തിക്കാട്ടിയുള്ള മോദിയുടെ നയപ്രഖ്യാപനവും കേരളപദ്ധതികൾ എണ്ണിപ്പറഞ്ഞുള്ള മുഖ്യമന്ത്രിയുടെ വികസനനേട്ടങ്ങളും അവരവരുടെ പ്രസംഗങ്ങളിൽ പരാമർശവിധേയമായതു സ്വാഭാവികം. റോഡ് ഷോയും 'യുവം 2023' പ്രോഗ്രാമും ഒപ്പം, വന്ദേഭാരത് എക്സ്പ്രസ്, കൊച്ചി വാട്ടർ മെട്രോ, സയൻസ് പാർക്ക്, വിവിധ റെയിൽവേ പദ്ധതികൾ എന്നിവയുടെ ഉദ്ഘാടനച്ചടങ്ങുകളും കെങ്കേമമായി നടന്നു.

വികസനപദ്ധതികളുടെ ഉദ്ഘാടനത്തിനപ്പുറം ചില രാഷ്ട്രീയ അജണ്ടകളുമായാണ് മോദിയുടെ ആഗമനമെന്ന് അറിയാത്തവരാരുമില്ല. വരാനിരിക്കുന്ന ലോക്സഭാതിരഞ്ഞെടുപ്പിൽ കേരളത്തെ ഒപ്പം കൂട്ടാനാവുമെന്ന അമിതപ്രതീക്ഷ അദ്ദേഹത്തിനും പാർട്ടിക്കാർക്കുമുണ്ടാകാം. ന്യൂനപക്ഷമെങ്കിലും ക്രൈസ്തവവോട്ടുകൾ ലക്ഷ്യമിട്ടുകൊണ്ടുള്ള ഊർജിതശ്രമങ്ങളും പല രൂപേണ ഈ നാളുകളിൽ കേരളം കണ്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ, ഇത്തരം രാഷ്ട്രീയതാത്പര്യങ്ങൾക്കും അജണ്ടകൾക്കുമപ്പുറമാണ് കേരളത്തിലെ ജനങ്ങളുടെ രാഷ്ട്രീയബോധമെന്ന് അവരിനിയും വായിക്കാതെ പോയി.

വന്ദേഭാരത് എക്സ്പ്രസും വാട്ടർമെട്രോയും മറ്റും നൽകുന്ന വികസനക്കുതിപ്പുകളെ ആരും ചെറുതായിക്കാണുന്നില്ല. പക്ഷേ, ആഘോഷച്ചടങ്ങുകളിൽ ജയ്വിളികൾ മുഴക്കിയ വരടക്കമുള്ള ഇവിടത്തെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർക്ക് ഈ വികസനസൗഭാഗ്യങ്ങൾ എത്രമേൽ പ്രയോജകീഭവിക്കുമെന്നത് സംശയമുളവാക്കുന്ന കാര്യമാണ്. വൻതുക ചെലവാക്കി ഇത്തരം ആഡംബരട്രെയിനുകളിൽ ഒന്നു കയറിപ്പറ്റാൻ ഇവിടത്തെ സാധാരണക്കാർ എത്രനാൾ കാത്തിരിക്കണമെന്ന ചോദ്യംതന്നെ ഭരണക്കാരുടെ ചെവിയിലെത്താൻ നാളുകളെടുക്കും. അതേസമയം, കോടിക്കണക്കിനു യാത്രക്കാരുമായി ദിവസവും കുതിച്ചുപായുന്ന പാസഞ്ചർ ട്രെയിനുകളിലെ ശുചിത്വമില്ലായ്മയും സുരക്ഷിതത്വമില്ലായ്മയും സമയനിഷ്ഠയില്ലായ്മയുമൊക്കെ കണ്ടുമടുത്ത കേരളജനതയ്ക്ക് അതിൽനിന്നൊക്കെ ഒരു ശാപമോക്ഷമുണ്ടായാൽ അതൊരു സാംസ്കാരികമുന്നേറ്റമാണെന്നും പറയണം. വന്ദേഭാരത് അതിവേഗത്തിന് ആക്കം കൂട്ടുമെങ്കിലും അതിനു യോജിച്ച പാതകൾ കേരളത്തിലില്ല എന്ന യാഥാർഥ്യവും നിലനിൽക്കുന്നു. പുതുപുത്തൻതീവണ്ടികൾക്കു യോജിച്ച പുതിയ പാതകൾകൂടി കേരളത്തിന് അതിവേഗമുണ്ടാകണമെന്ന് ഇത്തരുണത്തിൽ പറയേണ്ടിയിരിക്കുന്നു.

കേരളത്തിന്റെ സ്വപ്നപദ്ധതിയായ കൊച്ചി വാട്ടർമെട്രോ, ടൂറിസത്തിനും കൊച്ചിയിലെ ദ്വീപുനിവാസികളുടെ ഗതാഗതത്തിനും കുതിപ്പുനൽകുന്നതാണ്. കേന്ദ്രസർക്കാരിന്റെ പങ്കാളിത്തമില്ലാതെതന്നെ കേരളത്തിന്റെ നേരിട്ടുള്ള നിക്ഷേപവും ജർമൻ ഏജൻസിയുടെ വായ്പയും ഉൾപ്പെടെ (1136.83 കോടി രൂപ) ചെലവിട്ടാണ് വാട്ടർ മെട്രോ യാഥാർഥ്യമാക്കിയത്. ആദ്യഘട്ടത്തിൽത്തന്നെ പ്രതിദിനം 34000 പേർക്ക് യാത്ര ചെയ്യാനാവുമെന്നത് നല്ല കാര്യംതന്നെ. പക്ഷേ, അതിന്റെ നൂറു മടങ്ങു യാത്രക്കാരെ ബാധിക്കുന്ന ഉൾനാടൻ ജലഗതാഗതത്തിലേക്കും സർക്കാരിന്റെ കരുതലും ശ്രദ്ധയും ക്ഷേമനടപടികളും ഇതേ അളവിൽ എത്തിപ്പെടണമെന്നുമാത്രമാണ് ഓർമിപ്പിക്കാനുള്ളത്. കാലഹരണപ്പെട്ട ബോട്ടുകളും മലിനമായ ജലാശയങ്ങളും കേരളത്തിന്റെ ജലഗതാഗതത്തെ കാലങ്ങളായി അനാകർഷകമാക്കുന്ന യാഥാർഥ്യങ്ങളാണ്. അതിനെച്ചൊല്ലിയുള്ള പരാതികൾക്കും പരിഭവങ്ങൾക്കും അറുതിവരുത്താനുള്ള നടപടികൾക്കുകൂടി സർക്കാർ മുൻകൈയെടുത്തേ പറ്റൂ.

പ്രധാനമന്ത്രിയുടെ കേരളസന്ദർശനത്തിൽ ജനം പ്രതീക്ഷയോടെ ഉറ്റുനോക്കിയ അടിയന്തരാവശ്യങ്ങൾക്കു പരിഹാരങ്ങളൊന്നുമായില്ല എന്നത് ആശങ്കയുണർത്തുന്നു. കേരളം കാലങ്ങളായി ആവശ്യപ്പെടുന്ന എയിംസ് ഇന്നും സ്വപ്നപദ്ധതിയായി അവശേഷിക്കുന്നു. 2014 ൽ എയിംസ് കേരളത്തിനു പ്രഖ്യാപിച്ചെങ്കിലും പിന്നീട് ഒരു പുരോഗതിയും ഉണ്ടായില്ല. ഇതിനിടയിൽ 23 സംസ്ഥാനങ്ങൾക്ക് എയിംസ് അനുവദിച്ചിട്ടും കേരളത്തെ തഴഞ്ഞുവെന്നത് ഒരു ദുഃഖസത്യമാണ്. റബറിനു താങ്ങുവില പ്രഖ്യാപിക്കണമെന്ന് പലവട്ടം പറഞ്ഞിട്ടും ഇതുവരെ ഒരു പരിഹാരവും ഉണ്ടായിട്ടില്ല. പുതുക്കൃഷിക്കുള്ള സബ്സിഡി കൂട്ടണമെന്ന് കേരളം എത്രയോ നാളുകളായി ആവശ്യപ്പെടുന്നതാണ്. കേരളത്തിലെ സാധാരണക്കാരുടെ ഇത്തരത്തിലുള്ള ആവശ്യങ്ങളിലേക്കുകൂടി കേന്ദ്രസർക്കാരിന്റെ പരിഗണന അതിവേഗത്തിലാകുമ്പോഴാണ് പ്രധാനമന്ത്രിയുടെ സന്ദർശനത്തിന് പൊലിമയുണ്ടാകുന്നത്.

വലിയ പദ്ധതികളുടെ നടത്തിപ്പും അതിന്റെ കരാറുകളും ഉദ്ഘാടനമാമാങ്കങ്ങളും നടത്തി വാർത്തകളിലിടംപിടിക്കുമ്പോൾ, പാവപ്പെട്ടവരെയും ഇടത്തരക്കാരെയും ബാധിക്കുന്ന, കാലങ്ങളായുള്ള അപര്യാപ്തതകൾ പരിഹരിക്കാനുള്ള ഊർജിതശ്രമം സർക്കാരുകളുടെ ഭാഗത്തുനിന്നുണ്ടാകണം. കേരളവും കേന്ദ്രവും ഒരുമിച്ചുനിന്നാൽ വികസനസ്വപ്നങ്ങൾ യാഥാർഥ്യമാകുമെന്ന പ്രധാനമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും വീക്ഷണനയം കക്ഷിരാഷ്ട്രീയത്തിനപ്പുറം ജനാധിപത്യവിശ്വാസികൾ ഹൃദയത്തിലേറ്റെടുത്താൽ അതു നാടിനു നന്ന്. ■

# എ ഐ ക്യാമറ കൺതുറക്കുന്നതു സംശയനിഴലിൽ

*1-ാം പേജ് തുടർച്ച*

726 ക്യാമറകളാണ് ഗതാഗതനിയമലംഘനം പിടികൂടാനായി സംസ്ഥാനത്തെ റോഡുകളിൽ സ്ഥാപിച്ചിരിക്കുന്നത്. പൊതുമേഖലാസ്ഥാപനമായ കെൽട്രോണിനാണ് ഇതുസംബന്ധിച്ച കരാർ നൽകിയത്. ഈ കരാറിൽത്തന്നെ ദുരൂഹതകളുണ്ടെന്ന് ആരോപിക്കപ്പെടുന്നു. സർക്കാരിന്റെ കരാർ മാനദണ്ഡങ്ങൾ ലംഘിക്കപ്പെട്ടതായാണ് ആക്ഷേപം. 151 കോടി രൂപ ചെലവു കണക്കാക്കിയിരുന്ന പദ്ധതിക്ക് ചെലവ് പിന്നീട് 232 കോടിയായി മാറി. കെൽട്രോൺ വിവിധ കമ്പനികൾക്ക് ഉപകരാർ നൽകിയതാണ് ചെലവുയരാൻ കാരണമായി പറയപ്പെടുന്നത്. അതേസമയം, 74 കോടി രൂപയ്ക്ക് പദ്ധതി നടപ്പാക്കാനാകുമെന്ന് പല കമ്പനികളും സർക്കാരിനെ അറിയിച്ചതായി പറയുന്നുണ്ട്. ക്യാമറയുടെ വില 9.5 ലക്ഷമാണെന്ന് കെൽട്രോൺ പറയുന്നതിലും വിശ്വാസക്കുറവുണ്ട്. ഏറ്റവും അത്യാധുനിക ക്യാമറാസംവിധാനത്തിനുപോലും 4-5 ലക്ഷം രൂപയിൽ കൂടുതലാകില്ലെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു.

സാങ്കേതികപ്രാധാന്യമുള്ള കരാറുകളിൽ ഉപകരാർ പാടില്ലെന്ന കേന്ദ്ര വിജിലൻസ് കമ്മീഷന്റെ നിർദേശത്തിനു വിരുദ്ധമായ നടപടികളാണ് എഐ ക്യാമറയിടപാടിൽ നടന്നതെന്നതാണ് പദ്ധതിക്കെതിരായ ഏറ്റവും പ്രധാന ആരോപണം. മറ്റു സ്വകാര്യകമ്പനികളിൽനിന്ന് ഉപകരണങ്ങൾ വാങ്ങരുതെന്ന ധനവകുപ്പിന്റെ നിർദേശം പാലിക്കപ്പെട്ടില്ലെന്നതാണ് നിലവിലെ വിവാദങ്ങൾക്കു കാരണവും. എ ഐ കാമറ സ്ഥാപിക്കാൻ ബംഗളൂരു ആസ്ഥാനമായ എസ്ആർഐടി എന്ന കമ്പനിക്കാണ് കെൽട്രോൺ ഉപകരാർ നൽകിയത്. ഇതിനായി 151.22 കോടി രൂപ ഏല്പിച്ചിട്ടുണ്ട്. ടെൻഡറിൽ വേറേ കമ്പനികൾ പങ്കെടുത്തോയെന്നും ടെൻഡർ മാനദണ്ഡം പാലിച്ചാണോ കരാർ നൽകിയതെന്നുമുള്ള ചോദ്യങ്ങൾക്ക് കെൽട്രോൺ ഉത്തരം നൽകണം. എഐ ക്യാമറാവിവാദത്തിൽ



കെൽട്രോൺ പറയുന്നത് പദ്ധതിയുടെ ഉപകരാറുകൾ സ്രിറ്റ് (SRIT) എന്ന കമ്പനിയാണു നൽകിയതെന്നും അതിൽ കെൽട്രോണിനു പങ്കില്ലെന്നുമാണ്. ക്യാമറനിർമാണത്തിൽ സഹായിക്കാനും അവ സ്ഥാപിക്കുന്നതിനുമാണ് സ്രിറ്റുമായുള്ള കരാർ. അഞ്ചു വർഷത്തെ പ്രവർത്തനച്ചെലവും ചേർന്നാണ് 232 കോടി രൂപ ചെലവായതെന്നും നിർമാണച്ചെലവ് 160 കോടി രൂപയാണെന്നും കെൽട്രോൺ വ്യക്തമാക്കുന്നുണ്ട്. എ ഐ ക്യാമറ കരാർ മാത്രമല്ല, കെ ഫോണിന്റെ എംഎസ്പിയും എസ്ആർഐടിയാണ്. സർക്കാർ നടപ്പാക്കുന്ന വൻകിട പദ്ധതികളെല്ലാം ഈ കമ്പനിയിൽ എത്തുന്നതെങ്ങനെ എന്ന ചോദ്യമാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്.

സംസ്ഥാനത്ത് റോഡ് സുരക്ഷയുടെ മറവിൽ നടത്തുന്നത് വൻ അഴിമതിയാണെന്ന് കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലയും പ്രതിപക്ഷനേതാവും ആരോപിച്ചിരുന്നു. ചെന്നിത്തലയുടെ ആരോപണത്തിനുള്ള മറുപടി പറയേണ്ടത് സർക്കാരല്ല കെൽട്രോണാണെന്നും പദ്ധതിയിൽ എന്തെങ്കിലും സുതാര്യതക്കുറവുണ്ടെങ്കിൽ അതിനും മറുപടി നൽകേണ്ടത് കെൽട്രോണാണെന്നും ഗതാഗതമന്ത്രി ആന്റണി രാജു പറഞ്ഞിരുന്നു. ഇതു തങ്ങളുടെമാത്രം പദ്ധതിയാണെന്നും ഉപകരാറുകളൊന്നും നൽകിയിട്ടില്ലെന്നും ആദ്യം പത്രക്കുറിപ്പിൽ പറഞ്ഞ കെൽട്രോൺ പിന്നീട് പറഞ്ഞത് എസ്.ആർ.ഐ.ടിക്ക് കരാർ നൽകിയിട്ടുണ്ടെന്നാണ്. മാത്രമല്ല, സ്രിറ്റ് മറ്റാർക്കെങ്കിലും ഉപകരാറുകൾ നൽകിയതിൽ കെൽട്രോണിന് ഒരു ബാധ്യതയുമില്ലെന്നും കെൽട്രോൺ സി.എം.ഡി. പറയുന്നു. എന്തായാലും, കാര്യങ്ങൾ ആകെ കുഴഞ്ഞുമറിഞ്ഞ അവസ്ഥയിലാണ്. കാര്യങ്ങൾ വിവാദമായിരിക്കെ എ ഐ പദ്ധതി സുതാര്യമാണെന്നു ബോധ്യപ്പെടുത്തേണ്ട ഉത്തരവാദിത്വം സർക്കാരിനുണ്ട്. കരാർ മാനദണ്ഡങ്ങൾ ലംഘിക്കപ്പെട്ടതിൽ വിശദീകരണം ലഭിച്ചേതീരൂ.

നിരന്തരം ഗതാഗതക്കുരുക്കുണ്ടാവുന്ന റോഡുകളിൽ പല നിയമങ്ങളും പാലിക്കാനായെന്നു വരില്ല. ഇത്തരം നിയമങ്ങൾ കൊണ്ടുവരുമ്പോൾ റോഡിന്റെ അവസ്ഥയും സാഹചര്യങ്ങളുംകൂടി മെച്ചപ്പെടുത്തേണ്ട ബാധ്യതയും സർക്കാരിനുണ്ട്. ■

# സ്വർണക്കുരിശ്

ബാലനോവൽ | ഒൻപത് | രാമപുരം മണി

**ജോ**സഫിന്റെ വകയിലൊരമ്മാച്ചനാണ് മിഖായേൽചേട്ടൻ. ഭാര്യ ഏലിയാമ്മ ച്ചേടത്തി. മകൾ റാണി. തിരുവല്ലായിലാണു വീട്. മറ്റു പറയത്തക്ക ബന്ധുക്കാരൊന്നും ജോസഫിനില്ല. റാണി കർത്താവിന്റെ മണവാട്ടിയാകാൻ തീരുമാനമെടുത്തവളാണ്. അവൾക്കു കല്യാണംവേണ്ട എന്ന് അപ്പച്ചനോടു പറഞ്ഞു. അവൾക്കു ദൈവവിളിയുണ്ടായിട്ടുണ്ട്. അതുകൊണ്ടു കല്യാണത്തിന് മാതാപിതാക്കൾ അവളെ കൂടുതൽ നിർബന്ധിച്ചില്ല.

മിഖായേൽ ചേട്ടന് കുറെ കൃഷിഭൂമിയൊക്കെയുണ്ട്. ജീവിക്കാനുള്ള എല്ലാ ചുറ്റുപാടുകളുമുണ്ട്. ജോസഫിന്റെ ഇപ്പോ

“അതിനെന്താ അമ്മാച്ചാ സന്തോഷം.”

റാണി ഓടിച്ചെന്നു കുഞ്ഞുവാവയെ എടുത്തു.

“ഇവൾക്കു വഴക്കുണ്ടോ ഷിബിൻ...?”

“ഇല്ല. ചേച്ചീ, അവൾ ശാന്തസ്വഭാവക്കാരിയാണെന്നു തോന്നുന്നു.”

“അതെയോടീ പൊന്നുമോളേ...” റാണി സ്നേഹവായ്പോടെ കുഞ്ഞിന്റെ കവിളിൽ ഉമ്മ വച്ചു.

“ചക്കരക്കുട്ടി പാലു കുടിച്ചോടാ...” റാണി കൊഞ്ചിച്ചോദിച്ചു.

“ചേച്ചിയോടിവൾക്കു നല്ല ഇണക്കമാണെന്നു തോന്നുന്നു.'' ഏലിയാമ്മ പറഞ്ഞു.



ഴത്തെ അവസ്ഥയോർക്കുമ്പോൾ അവർക്കൊരു പ്രയാസം. ആ കുരുന്നുകൊച്ചിനെയുംകൊണ്ട് അവനെങ്ങനെ ജീവിക്കും? ഷിബിന്റെ സ്കൂളു തുറക്കാറായിരിക്കുന്നു. ജോസഫിനു കൂലിപ്പണിക്കുപോണം, അതാണല്ലോ അവന്റെ വരുമാനമാർഗം. രണ്ടു കുട്ടികളെ പോറ്റണ്ടേ? അവനൊരു സഹായം മറ്റാരുമില്ല. കുന്നത്തുവീട്ടുകാർ സാമ്പത്തികമായൊക്കെ സഹായിക്കും. എങ്കിലും അവന്റെ കൊച്ചുകുഞ്ഞിനൊരമ്മയാകില്ലല്ലോ... ജോസഫിന്റെ നാട്ടിലുള്ള ഇടവകയിലെ വികാരിയച്ചനെ ഒന്നു ചെന്നു കാണുക. അദ്ദേഹം നല്ലൊരച്ചനാണെന്നു പറഞ്ഞു കേട്ടു. നല്ലൊരു നിർദേശം അദ്ദേഹം തരാതിരിക്കില്ല. ഒരു പ്രാവശ്യം ഫാദർ ജെറോം പൂപ്പറമ്പിലിനെ പരിചയപ്പെട്ടിട്ടുണ്ട്. താൻ ജോസഫിന്റെ അമ്മാച്ചനാണെന്നദ്ദേഹത്തിനറിയാം. ഏതായാലും അടുത്ത ഞായറാഴ്ച എല്ലാവരുമായി ജോസഫിന്റെ വീട്ടിലേക്കൊന്നു പോകണം. രണ്ടുമൂന്നു ദിവസം അവിടെ താമസിച്ചു കുഞ്ഞിനെ നോക്കാം. അവനതൊരാശ്വാസമാകും. ഒരു ദുഃഖിതന്റെ കണ്ണീര് അല്പമെങ്കിലും തുടയ്ക്കുന്നത് ദൈവത്തിനിഷ്ടമുള്ള കാര്യമാണല്ലോ... മിഖായേൽ മനസ്സിൽക്കരുതി. മിഖായേൽചേട്ടൻ അന്നുവീട്ടിൽപ്പറഞ്ഞു: ‘‘ഏലിയാമ്മേ ഞായറാഴ്ച നമുക്കു ജോസഫിന്റെ വീട്ടീപ്പോകണം. അവന്റെ കുഞ്ഞിന്റെ കാര്യമോർക്കുമ്പോൾ എനിക്കെന്തോ ഒരു മനഃപ്രയാസം...”

“പോകാമല്ലോ.”

“പോകാം അപ്പച്ചാ, ആ പൊന്നിൻകുടത്തിന്റെ കാര്യമോർക്കുമ്പോൾ എനിക്കും സങ്കടം തോന്നുന്നു.” റാണി പറഞ്ഞു.

“പോകാം മോളേ നീ സങ്കടപ്പെടണ്ട.” മിഖായേൽ പറഞ്ഞു.

അടുത്ത ഞായറാഴ്ചതന്നെ മിഖായേലും കടുംബവും ജോസഫിന്റെ വീട്ടിലേക്കു പോയി.

അവരെക്കണ്ടപ്പോൾ ജോസഫിനും ഷിബിനും വളരെ സന്തോഷമായി.

‘‘ജോസഫേ, ഞങ്ങൾ രണ്ടുമൂന്നു ദിവസം ഇവിടെയുണ്ടാവും.” മിഖായേൽ പറഞ്ഞു.

“അതുപിന്നെ അവൾ ഒരു രക്തമല്ലേ ഏലിയാമ്മേ.” മിഖായേൽ ചിരിച്ചു. ഫാദർ ജെറോം പൂപ്പറമ്പിലിനെ വിളിച്ച് അച്ചന് ഒഴിവുള്ള സമയം ഒന്നു കാണാൻ പറ്റുമോ എന്നന്വേഷിച്ചു. പിറ്റേദിവസം നാലുമണി കഴിഞ്ഞസമയത്തു ചെല്ലാൻ പറഞ്ഞു. വിവരം ശേഖരൻതമ്പിയോടും പറഞ്ഞു.

കാറിൽ എല്ലാവർക്കുംകൂടി പള്ളിയിൽപ്പോമെന്നു ശേഖരൻ തമ്പി അറിയിച്ചു.

മിഖായേലും ജോസഫും ശേഖരൻ തമ്പിയും കാറിൽ പള്ളിയിലെത്തുമ്പോൾ നാലുമണി കഴിഞ്ഞിരുന്നു.

ഫാ. ജെറോം പൂപ്പറമ്പിൽ അവരെ കാത്തിരിക്കയായിരുന്നു.

“എല്ലാവരും വരൂ ഇരിക്കൂ.” ഫാദർ സന്തോഷവദനനായി പറഞ്ഞു.

“നിങ്ങളെയെല്ലാം ഒന്നിച്ചു കണ്ടതിൽ സന്തോഷം.'' അച്ചൻ അവർക്കെതിരേയുള്ള കസേരയിൽ ഇരുന്നു.

“വർക്കിച്ചാ കുടിക്കാൻ കൊണ്ടുവരൂ.” കുശിനിക്കാരൻ അവർക്കെല്ലാം പൈനാപ്പിൾ ജൂസ് കൊടുത്തു. ശീതളപാനീയം കുടിച്ചുകഴിഞ്ഞ് അച്ചൻ പറഞ്ഞു:

“ഇനി വന്ന കാര്യം പറയാം.”

“അച്ചോ കാര്യം ഞാൻ തന്നെ പറഞ്ഞേക്കാം.” ശേഖരൻ തമ്പി പറഞ്ഞു.

“ഗ്രേസിയുടെ കുഞ്ഞുമോളെ നോക്കാനൊരാളുവേണം. അതിനെ വളർത്തണമല്ലോ. ജോസഫിനു പണിക്കു പോണം ഷിബിനു സ്കൂളീപ്പോണം. പിന്നെ വീട്ടിലാരുമില്ലല്ലോ... അതിനെന്തെങ്കിലുമൊരു തീരുമാനം അച്ചൻ പറയണമെന്നാണിവർ പറയുന്നത്.” ശേഖരൻ തമ്പി പറഞ്ഞു നിർത്തി.

“ആ പ്രശ്നം ഒരു കുഴഞ്ഞ പ്രശ്നം തന്നെ. ഒരു കൊച്ചുകുഞ്ഞിന്റെ കാര്യമാണ്. നമ്മൾ ആലോചിച്ചു തീരുമാനമെടുക്കണം.”

അച്ചൻ ഒരു നിമിഷം നിർത്തി എന്തോ ഓർത്തിരുന്നു. “ഒന്നെങ്കിൽ കുഞ്ഞിനെ ഒരു ഓർഫനേജിലാക്കണം. അല്ലെങ്കിൽ കുഞ്ഞിന്റെ കാര്യങ്ങൾ നോക്കാൻ നല്ലൊരു സ്ത്രീ വേണം.'' ഫാദർ ജെറോം പറഞ്ഞു.

(തുടരും)



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

നേർമൊഴി

# യുവംവേദിയിൽനിന്ന് എത്രപേർ ഡൽഹിയിലെത്തും?

**കേ**രളവേഷമണിഞ്ഞ് കൊച്ചിയിലെത്തിയ പ്രധാനമന്ത്രി മോദി റോഡ്ഷോ ഗംഭീരമാക്കി. ഇരുപതിനായിരത്തോളം യുവജനങ്ങൾ പ്രധാനമന്ത്രിയുടെ വികസനസ്വപ്നങ്ങൾ പങ്കിട്ടെടുത്തു. ആയിരക്കണക്കിനാളുകൾ പ്രധാനമന്ത്രി കടന്നുപോയ പാതയോരങ്ങളിൽ തടിച്ചുകൂടി. സെക്യൂരിറ്റി അകമ്പടിയോടെ നടന്നുനീങ്ങിയ പ്രധാനമന്ത്രിയെ കാത്തുനിന്നവർ നേരിൽ കണ്ടു. ചിലർ മോദിയിൽ വികസനനായകനെ കണ്ടു. ചിലർ കരുത്തനായ ഭരണാധികാരിയെ കണ്ടു. ചിലർ തന്ത്രശാലിയായ ജനനായകനെ കണ്ടു. ചിലർ പ്രധാനമന്ത്രിയിൽ ഏകാധിപതിയെ കണ്ടു. കണ്ടവരുടെ മനസ്സിൽ മോദിബ്രാൻഡ് പതിഞ്ഞുവെന്നതിൽ സംശയമില്ല.

പ്രധാനമന്ത്രി കേരളത്തിൽ രണ്ടുദിവസം ചെലവഴിച്ചത് പ്രത്യേകമായ അജ



ണ്ടകളോടെയാണ്. വികസനപദ്ധതികൾ ഉദ്ഘാടനം ചെയ്യുക മാത്രമല്ല ലക്ഷ്യം. പ്രധാന ഉന്നം യുവജനങ്ങളാണ്. കേരളത്തിൽ 40 ശതമാനം പേർ യുവജനങ്ങളാണ്. യുവജനങ്ങളിൽ ഭൂരിപക്ഷം പേർക്കും പ്രത്യേകരാഷ്ട്രീയ ചായ്വുകളില്ല. രാഷ്ട്രീയപാർട്ടികളോടു താത്പര്യമില്ലാത്ത യുവജനങ്ങളുടെ എണ്ണം കൂടിവരുന്നതിലെ അപകടം രാഷ്ട്രീയനേതാക്കന്മാർ തിരിച്ചറിഞ്ഞുതുടങ്ങിയിട്ടുണ്ട്. പല യുവജനങ്ങൾക്കും ദേശീയബോധമോ രാഷ്ട്രവികസനസ്വപ്നങ്ങളോ ഇല്ല. അവർക്ക് അവരുടെ ഭാവിയും സുരക്ഷിതത്വവും സുഖജീവിതവുമാണ് പ്രധാനം. സംസ്ഥാനത്തിനോ രാജ്യത്തിനോ അതു നൽകാൻ കഴിയാതെ വരുമ്പോൾ മറ്റു രാജ്യങ്ങളിലേക്ക് അവർ ചേക്കേറുന്നു. ടെക്കികളെ വികസനം പറഞ്ഞ് എങ്ങനെ പക്ഷത്താക്കാമെന്ന പരിശോധനയാണ് യുവം കോൺക്ലേവിൽ സംഭവിക്കുക.

എന്തുകൊണ്ടു കൊച്ചി എന്ന ചോദ്യം സ്വാഭാവികമാണ്. ഒരു കാരണം പലതരത്തിലുള്ള കണക്റ്റിവിറ്റികളാണ്. കൊച്ചി ടെക്കികളുടെ നാടാണെന്നതാണ് മറ്റൊരു കാരണം. കൊച്ചി ന്യൂനപക്ഷകേന്ദ്രീകരണമുള്ള പ്രദേശമാണ്. ബിജെപി സാന്നിധ്യം താരതമ്യേന കുറവുള്ള പ്രദേശമാണ് കൊച്ചി എന്നതും പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടാകണം. കേരളത്തിലെ യുവജനങ്ങൾ ഡിജിറ്റൽ ഇന്ത്യയുടെ വക്താക്കളും നിർമിതബുദ്ധിവിപ്ലവത്തിന്റെ നേതാക്കളുമായി മാറണമെന്ന ആഹ്വാനമാണ് പ്രധാനമന്ത്രി യുവജനങ്ങൾക്കു നൽകിയത്. രാഷ്ട്രീയം പറയാതെ ടെക്കികളുടെ വോട്ടുസമാഹരണമാണ് ബിജെപിയുടെ ലക്ഷ്യം.

2024 ലെ പാർലമെന്റ് തിരഞ്ഞെടുപ്പു മുന്നിൽകണ്ട് ഒരുക്കിയ വിരുന്നും കെണിയുമാണ് യുവം കോൺക്ലേവ്. യുവം പദ്ധതികൊണ്ട് നേട്ടവും ദോഷവും ഉണ്ടാകാം. ഒരു വർഷത്തിനിടയിൽ യുവജനങ്ങൾക്കു ധാരാളം തൊഴിലവസരങ്ങളുണ്ടായാൽ തീർച്ചയായും അതു വോട്ടായി മാറും. എന്നാൽ, വാഗ്ദാനങ്ങൾ വെറും പ്രഖ്യാപനങ്ങളായി അവശേഷിച്ചാൽ അതു തിരിച്ചടിയാവുകയും ചെയ്യും. ക്രൈസ്തവമേലധ്യക്ഷന്മാരുമായുള്ള കൂടിക്കാഴ്ചയുടെ ഫലവും ഇതുതന്നെയായിരിക്കും. സഭാധ്യക്ഷന്മാർ എത്തിയത് ബിജെപിക്കു പിന്തുണ അറിയിക്കാനായിരിക്കുകയില്ല. ക്രൈസ്തവന്യൂനപക്ഷങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കണം. കാർഷികമേഖലയെ സംരക്ഷിക്കണം. ക്രൈസ്തവന്യൂനപക്ഷങ്ങൾക്ക് അർഹമായ ഭരണഘടനാപരിരക്ഷ ഉറപ്പാക്കണം എന്നതടക്കമുള്ള ആവശ്യങ്ങളായിരിക്കും സഭാനേതൃത്വം പ്രധാനമന്ത്രിയുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുണ്ടാവുക. പ്രധാനമന്ത്രി ഒരു വർഷത്തിനിടയിൽ എങ്ങനെ പ്രതികരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും കേരളത്തിൽ ബിജെപിയുടെ ഭാവി എന്നു ചിന്തിക്കുന്നവരുണ്ട്.

കോൺഗ്രസിനോ മറ്റു പ്രതിപക്ഷകക്ഷികൾക്കോ ഇനി ദീർഘകാലത്തേക്ക് കേന്ദ്രത്തിൽ ഭരണത്തിൽ തിരിച്ചെത്താനാവുകയില്ല എന്ന പ്രചാരണം ശക്തമാണെങ്കിലും അതു വസ്തുതകൾക്കു നിരക്കുന്നതല്ലെന്നു കണക്കുകൾ വ്യക്തമാക്കുന്നു. 2014 ലെ തിരഞ്ഞെടുപ്പിൽ ബിജെപിക്കു ലഭിച്ചത് 31 ശതമാനം വോട്ടാണ്. 2019 ൽ അത് 37.36 ശതമാനമായി ഉയർന്നു. ബിജെപി വോട്ട് വിഹിതം 40 ശതമാനമാണെന്നു സമ്മതിച്ചാൽപോലും 60 ശതമാനം വോട്ട് ബാക്കിയുണ്ട്. പ്രതിപക്ഷകക്ഷികൾ ഒന്നിച്ചാൽ ബിജെപിയുടെ സകലപ്രതാപവും അസ്തമിക്കും.

കേന്ദ്രത്തിലെ ശക്തിയോ ഭൂരിപക്ഷമോ സംസ്ഥാനനിയമസഭകളിലില്ലെന്ന വസ്തുത പലരും മനസ്സിലാക്കിയിട്ടില്ല. സംസ്ഥാനങ്ങളിലാകെ 4139 നിയമസഭാസീറ്റുകളാണുള്ളത്. ബിജെപിക്കു മാത്രമായി 1516 സീറ്റുകളേയുള്ളൂ. അതിൽ 950 സീറ്റുകൾ ഗുജറാത്ത്, കർണാടക, മഹാരാഷ്ട്ര, യു.പി., മധ്യപ്രദേശ്, രാജസ്ഥാൻ എന്നീ ആറു സംസ്ഥാനങ്ങളിലാണ്. സിക്കിം, മിസോറാം, തമിഴ്നാട്, കേരളം തുടങ്ങിയ സംസ്ഥാനങ്ങളിൽ ബിജെപിക്കു പ്രതിനിധികളില്ല. കൂട്ടുകക്ഷി ഭരണമുള്ള മേഘാലയ, ബീഹാർ, ജമ്മു-കാശ്മീർ, ഗോവ സംസ്ഥാനങ്ങളിൽ ആകെ സീറ്റുകൾ 93. ആന്ധ്രാ മുതൽ നാഗാലാന്റ്വരെ ഏഴു സംസ്ഥാനങ്ങളിൽ ബിജെപിക്കുള്ള മൊത്തം സീറ്റ് 45 മാത്രം.

■

Deepanalam Weekly
RNI No : 16998/68
Vol. 56 No. 9 Date of Publication 27 April 2023
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# സേക്രഡ് ഹാർട്ട് പ്രൊവിൻസ്, പാലാ

## കുഞ്ഞനുജത്തിമാർക്കു സ്വാഗതം



ഈശോയുടെ തിരുഹൃദയത്തിലൂടെ വെളിപ്പെടുത്തപ്പെട്ട പിതാവായ ദൈവത്തിന്റെ കരുണാർദ്രസ്നേഹം ആഴമായി അനുഭവിച്ച്, ഈശോയുടെ തിരുഹൃദയ സമ്പത്ത് സ്വായത്തമാക്കി, അഗതികളും ആലംബഹീനരുമായ സാധുസഹോദരങ്ങൾക്ക് ഉദാരമായി വിതരണം ചെയ്യുന്നതിനായി ധന്യൻ കദളിക്കാട്ടിൽ മത്തായിയച്ചനാൽ 1911 ൽ കേരളത്തിൽ സ്ഥാപിതമായതാണ് തിരുഹൃദയ സന്ന്യാസിനീസമൂഹം!

ഇന്നു കേരളത്തിലും കേരളത്തിനു വെളിയിലും വിദേശത്തുമായി തിരുഹൃദയസന്ന്യാസിനികൾ കുടുംബപ്രേഷിതത്വം, ഇടവകസേവനം, ജീവകാരുണ്യപ്രവർത്തനങ്ങൾ, രോഗീപരിചരണം, അനാഥസംരക്ഷണം, സുവിശേഷപ്രഘോഷണം, വിദ്യാഭ്യാസം തുടങ്ങിയ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

ഈ സന്ന്യാസിനിസമൂഹത്തിൽ ചേരാൻ ആഗ്രഹിക്കുന്ന എസ്.എസ്.എൽ.സി.യോ പ്ലസ് ടുവോ ഉന്നതവിദ്യാഭ്യാസയോഗ്യതകളോ ഉള്ള കുഞ്ഞനുജത്തിമാർക്കു സ്വാഗതം.

**വൊക്കേഷൻ പ്രമോട്ടർ**
**എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസ്**
**പാലാ-686 575 PH: 9449636975**

# MISSIONARY CONGREGATION OF THE DAUGHTERS OF ST.THOMAS(DST)



എന്റെ കർത്താവേ,
എന്റെ ദൈവമേയെന്ന്
ക്രിസ്തുവിന്റെ ചങ്കിൽതൊട്ട്
പ്രഘോഷിക്കുവാൻ
വിശുദ്ധ തോമാശ്ലീഹായെപ്പോലെ
ഇരുളിന്റെ ദിശയെ
വെളിച്ചമാക്കുവാൻ ഇന്നിന്റെ
വെല്ലുവിളികൾക്ക്
മുമ്പിൽ ജ്വലിക്കുന്ന
സാക്ഷ്യമാകുവാൻ
നീ ധൈര്യപ്പെടുന്നുവെങ്കിൽ
'വന്നു കാണുക'

## DST സാന്തോം പ്രൊവിൻസ് നിങ്ങളെ ക്ഷണിക്കുന്നു

The Missionary Congregation of
Daughters St. Thomas the Apostle
Santhome Provincial House
Chethimattam, Pala P.O.
Kottayam (Dt) - 686575
Ph: 8289938859

SABS സന്ന്യാസിനീസമൂഹത്തിലേക്കു സ്വാഗതം

# വിശുദ്ധ കുർബാനയിലെ ഈശോ നിങ്ങളെ വിളിക്കുന്നു



ചങ്ങനാശേരി അതിരൂപതയുടെ പ്രഥമ തദ്ദേശീയമെത്രാനായ ധന്യൻ മാർ തോമസ് കുര്യാളശേരിപ്പിതാവിന്റെയും ദൈവദാസി ബഹു. ഷന്താളമ്മയുടെയും അത്യഗാധമായ ദിവ്യകാരുണ്യഭക്തിയിൽനിന്നു രൂപംകൊണ്ടതാണ് (1908)വിശുദ്ധ കുർബാനയുടെ ആരാധനാസന്ന്യാസിനീസമൂഹം (SABS).

ലോകാവസാനംവരെ നമ്മോടൊപ്പമായിരിക്കാൻവേണ്ടി വിശുദ്ധ കുർബാനയായിത്തീർന്ന ഈശോ, എല്ലാവരാലും അറിയപ്പെടാനും ആരാധിക്കപ്പെടാനും സ്നേഹിക്കപ്പെടാനും ലോകപാപങ്ങൾക്കു പരിഹാരം ചെയ്യാനും ഈ സമൂഹത്തിലെ അംഗങ്ങൾ തീവ്രമായി ആഗ്രഹിക്കുന്നു, പരിശ്രമിക്കുന്നു. അതിനായി രാവും പകലുമുള്ള വിശുദ്ധ കുർബാനയുടെ ആരാധന, കുടുംബപ്രേഷിതത്വം, വിദ്യാഭ്യാസം, ആതുരശുശ്രൂഷ, ജീവകാരുണ്യപ്രവർത്തനങ്ങൾ, വചനപ്രഘോഷണം തുടങ്ങിയ മാർഗങ്ങളിലൂടെ ദേശത്തും വിദേശത്തുമായി നമ്മുടെ സിസ്റ്റേഴ്സ് ദിവ്യകാരുണ്യ ഈശോയ്ക്കു സാക്ഷ്യംവഹിക്കുന്നു.

ഈ സന്ന്യാസിനീസമൂഹത്തിൽ ചേർന്ന്, ഈശോയുടെ രക്ഷാകരവേലയിൽ പങ്കുചേരാൻ ആഗ്രഹിക്കുന്ന എസ്.എസ്.എൽ.സി./+2/ഉപരിവിദ്യാഭ്യാസയോഗ്യതയുള്ള യുവതികളെ സ്നേഹപൂർവം ക്ഷണിക്കുന്നു.



ധന്യൻ
മാർ തോമസ് കുര്യാളശേരി
(സ്ഥാപകൻ)
1873 – 1925



ദൈവദാസി
ബഹു. ഷന്താളമ്മ
(സഹസ്ഥാപിക)
1880 – 1972

**Vocation Promoter**
**SABS Provincial House**
**Christ Hall, Pala, Ph : 04822-215257, 9495834381**

# വിശുദ്ധ അൽഫോൻസ കുഞ്ഞനുജത്തിമാരെ ക്ഷണിക്കുന്നു

## ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്ന്യാസിനീസമൂഹം
## അൽഫോൻസാ പ്രൊവിൻസ്, പാലാ



വിശുദ്ധ അൽഫോൻസാ
(1910 – 1946)

വിശുദ്ധ ഫ്രാൻസീസിന്റെയും വിശുദ്ധ ക്ലാരയുടെയും മാർഗത്തിൽ ചരിച്ച് വിശുദ്ധപദവിയിലെത്തിയ വിശുദ്ധ അൽഫോൻസാമ്മയെ അനുകരിച്ചു വിശുദ്ധിയിലേക്കു വളരാൻ തീവ്രമായി ആഗ്രഹിക്കുന്ന എസ്.എസ്.എൽ.സിയോ, +2 വോ ഉപരിപഠനമോ ഉള്ള കുഞ്ഞനുജത്തിമാർക്കു സ്വാഗതം.

ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്ന്യാസിനീസമൂഹത്തിൽ ചേർന്ന് ഇടവകസേവനം, സുവിശേഷപ്രഘോഷണം, ആതുരശുശ്രൂഷ, വിദ്യാഭ്യാസം, സാമൂഹികക്ഷേമപ്രവർത്തനം, സാധുജനസംരക്ഷണം എന്നീ രംഗങ്ങളിലും കേരളത്തിനു വെളിയിൽ ശാന്തസുന്ദരമായ മേഘാലയമിഷനിലും വിദേശമിഷനായ ഇറ്റലി, ജർമനി എന്നിവിടങ്ങളിലും ദൈവരാജ്യവിസ്തൃതിക്കായി പ്രയത്നിക്കുവാൻ ഈശോ നിങ്ങളെ ക്ഷണിക്കുന്നു.

കൂടുതൽ വിവരങ്ങൾക്കു ബന്ധപ്പെടുക

**VOCATION PROMOTER**
**F.C.C. Alphonsa Province, Pala**
**San Damiano, Puliyannoor P.O., Kottayam Dt., Kerala**
**Pin 686 573, Ph: 04822- 206019, 8281732475**


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
. Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org